LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 568/2008/ആ.കു.വ. തീയതി 6-11-2008 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം, 24x7 പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹ്യ ആരോഗ്യ കേന്ദ്രം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികൾ, ജില്ല/ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയ മേജർ ആരോഗ്യ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കുമെന്ന് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ പറയുന്നുണ്ട്. മേൽപ്പറഞ്ഞ മേജർ ആരോഗ്യ സ്ഥാപനങ്ങളിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴുള്ളതെന്ന് പറയുവാൻ കഴിയുകയില്ല. സ്പെഷ്യാലിറ്റി യൂണിറ്റുകൾ, ത്രീഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം, പുതിയ ചികിത്സാ രീതികൾ, പരിശോധനാ സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുന്നതിനനുസരിച്ച് ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ചില കാറ്റഗറികളുടെ സ്റ്റാഫ് പാറ്റേണിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ആശുപത്രികളിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴി ലഭ്യമാക്കുന്ന തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ, നിലവിലെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം വിലയിരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ നിലവിലെ സാമ്പത്തിക നില കൂടി കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്

97 (2374) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃക്ക രോഗം വർദ്ധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പഠനം നടത്തിയിട്ടില്ലെങ്കിൽ അത്തരം ഒരു പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) വൃക്ക രോഗികളെ സഹായിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഇന്ത്യയിൽ സൊസൈറ്റി ഓഫ് നെഫ്രോളജിയുടെ രജിസ്റ്റർ പ്രകാരം പ്രമേഹരോഗവും അമിത രക്തസമ്മർദ്ദവും ആണ് വൃക്കരോഗത്തിന് പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളത്.

(സി) പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വൃക്കരോഗികളെ സഹായിക്കുന്നതിനായി ആർ.എസ്.ബി.വൈ. മുഖാന്തരം 30,000 രൂപയും സി.എച്ച്.എസ്. മുഖാന്തരം 70,000 രൂപയും കേരള സർക്കാരിന്റെ കാരുണ്യ മുഖാന്തരം 2,00,000 രൂപയും മുഖ്യമന്ത്രിയുടെ സഹായനിധി മുഖാന്തരം 30,000 മുതൽ 50,000 രൂപവരെയും പ്രധാനമന്ത്രിയുടെ സഹായനിധി മുഖാന്തരം 2 മുതൽ 4 ലക്ഷം വരെ നൽകിവരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ

98 (2375) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന 2011-12, 2012-13 വർഷങ്ങളിലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഏതെല്ലാം ജില്ലകളിൽ ഇത്തരം പുതിയ ആശുപത്രികൾ പ്രവർത്തനസജ്ജമായി; എത്ര ആശുപത്രികൾ നിർമ്മിച്ചു;

(സി) പ്രസ്തുത ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ എന്നത്തേക്ക് ഇവ സ്ഥാപിക്കും; അതിനായി വകയിരുത്തിയതും ഇതുവരെ ചെലവഴിച്ചതുമായ തുക എത്രയെന്ന് അറിയിക്കുമോ;